പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3191 | 21.06.2013 ൽ മറുപടിയ്ക്ക് |

**മാതൃകാ അംഗൻവാടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിനുളള നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അവ എവിടെയെല്ലാമാണെന്നും ആയതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | (ബി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 മാതൃകാ അംഗൻവാടികൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ വിവിധ നിയോജകമണ്ഡലങ്ങളിലായി 83 അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ വാമനപുരം, നേമം, പാറശ്ശാല, നെയ്യാറ്റിൻകര, മഞ്ചേശ്വരം, ഉദുമ എന്നീ നിയോജക മണ്ഡലത്തിലെ മാതൃകാ അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിന് കിറ്റ്കോ ലിമിറ്റഡിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ